പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3178 14/07/2015-ൽ മറുപടിക്ക്

# അരുപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അരുപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിയിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധ്യമാണോ; വർഷം മുഴുവൻ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമോ ; | (എ) സ്വകാര്യ മേഖലയിൽ BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡിന് (CIAL) അനുവദിച്ചിട്ടുള്ള അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിയ്ക്കായി സംരംഭകർ നൽകിയ വിശദമായ രൂപരേഖ (TEFR) Technical Committee പരിശോധിച്ചു വരികയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ തുടങ്ങുന്നതാണ്. 4.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതിയിൽ നിന്ന് വർഷത്തിൽ 14.7 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ചെറിയ തടയണ ഉപയോഗിച്ചിട്ടുള്ള റൺ ഓഫ് റിവർ പദ്ധതിയായതിനാൽ മഴക്കാലത്തു മാത്രമേ വൈദ്യുതി ഉല്പാദനം നടക്കുകയുള്ളൂ. |
| (ബി) നിലവിൽ പദ്ധതി ഏറ്റെടുത്തിരിക്കുന്നത് ഏത് സ്ഥാപനമാണ് ; | (ബി) കൊച്ചിൻ ഇൻറർ നാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (CIAL) സബ്സിഡറി കമ്പനിയായ സിയാൽ ഇൻഫ്രാസ്ട്രക്ച്ചർ കമ്പനിയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. |
| (സി) പദ്ധതി നടപ്പിലാക്കാനാവശ്യമായ ഭൂമി ലഭ്യമാണോ ; | (സി) പദ്ധതിയ്ക്കാവശ്യമായ ഭൂമിയുടെ 80 ശതമാനത്തോളം സിയാൽ കമ്പനി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി സ്ഥലം ഏറ്റെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | |
|---|---|---|
| (ഡി) | നിലവിലുള്ള പദ്ധതി നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) 4.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതിയിൽ നിന്ന് വർഷത്തിൽ 14.7 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന യൂണിറ്റ് റേറ്റിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതാണ്. പദ്ധതി 30 വർഷത്തേക്ക് BOOT അടിസ്ഥാനത്തിലാണ് അനുവദിച്ചിരിക്കുന്നത് 30 വർഷത്തിനു ശേഷം സർക്കാരിലേക്ക് പദ്ധതി തിരിച്ച് നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ